**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1890** **12-09-2023 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിൽ പി.എച്ച്.ഡി. ക്ക് പട്ടികജാതി പട്ടികവർഗ്ഗ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പി.എച്ച്.ഡി. ക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ സർവകലാശാലയും പ്രസ്തുത സംവരണത്തിനായി നീക്കിവച്ചിരിക്കുന്ന സീറ്റുകൾ എത്രയെന്ന് വിശദമാക്കാമോ; | (എ) | കേരള സർവകലാശാലയിൽ പി.എച്ച്.ഡി അപേക്ഷ സമർപ്പിക്കുന്നതിലേക്കായി അടിസ്ഥാന യോഗ്യതയായ ബിരുദാനന്തര ബിരുദ പരീക്ഷയ്ക്ക് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 5% മാർക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പി. ജി. വിദ്യാർത്ഥികളുടെ അഡ്മിഷനിൽ സ്വീകരിച്ചവരുന്ന സംവരണ തത്വം, പി.എച്ച്.ഡി. അഡ്മിഷന് പട്ടികജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം കേരള സർവ്വകലാശാല സിന്റിക്കേറ്റിന്റെ പരിഗണനയിലാണ്.<br><br>മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഓരോ ഗവേഷണമാർഗദർശിയുടെ കീഴിലും ഒരു സീറ്റ് പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽ ഉൾപ്പെട്ട ഗവേഷണ വിദ്യാർഥികൾക്ക് സംവരണം ചെയ്തിട്ടുണ്ട് .<br><br>കാലിക്കറ്റ് സർവ്വകലാശാലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പി.എച്ച്.ഡിയ്ക്ക് 22.5% സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൽക്കായി ഓരോ ഗവേഷണ വകുപ്പിലും അതതു വർഷം നിലവിൽ വരുന്ന ഒഴിവുകളിൽ 20% സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.<br><br>കണ്ണൂർ സർവ്വകലാശാലയിൽ 2020-21 അക്കാദമിക വർഷം മുതൽ പ്രാബല്യത്തിൽ വന്ന റിസർവേഷൻ പോളിസി പ്രകാരം ആകെ പി.എച്ച്.ഡി സീറ്റുകളിൽ 20% പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുണ്ട്.<br><br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | ഗവേഷണ പ്രവർത്തനത്തിൽ സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. ഒരു റിസർച്ച് ഗൈഡിന്റെ കീഴിൽ ഏതു സമയത്തും പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്ന് ഒരു റിസർച്ച് സ്കോളർ എങ്കിലും ഉണ്ടായിരിക്കണം എന്ന് വ്യവസ്ഥചെയ്തി ട്ടുണ്ട്. അവരുടെ അഭാവത്തിൽ മാത്രം മറ്റു സംവരണ വിഭാഗത്തിൽ നിന്നും ഒരു ഗവേഷണ വിദ്യാർത്ഥിക്ക് അവസരം നൽകു.<br><br>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ ഗവേഷക സീറ്റുകൾ ഒഴിവ് വരുന്ന മുറയ്ക്കാണ് വിദ്യാർത്ഥി പ്രവേശനം നടത്തിവരുന്നത്. പ്രസ്തുത സീറ്റുകളിലേക്ക് സംസ്ഥാന സർക്കാരിന്റെ സംവരണക്രമം പാലിച്ചാണ് പ്രവേശനം നൽകുന്നത്.<br><br>ന്യൂവാൽസിലെ പി.എച്ച്.ഡി റെഗുലേഷൻ പ്രകാരം സംസ്ഥാന സർക്കാരിന്റെ സംവരണ നയം അനുസരിച്ച് നിലവിലെ റിസർച്ച് ഗൈഡിന് കീഴിലുള്ള ഒഴിവുകൾ ഗൈഡ് സ്കോളർ റേഷ്യോ, ലൈബ്രറി, മറ്റ് അക്കാദമിക സൗകര്യങ്ങൾ എന്നിവ പരിഗണിച്ച് കൊണ്ട് സംവരണം നൽകിവരുന്നു.<br><br>എ.പി.ജെ അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ സർവ്വകലാശാല നടത്തുന്ന പി.എച്ച്.ഡി പ്രവേശന പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുന്നവർക്കെല്ലാം സർവ്വകലാശാല അംഗീകരിച്ച റിസർച്ച് ഗൈഡുകളുടെ ലഭ്യതക്കനുസരിച്ച് പി.എച്ച്.ഡി ചെയ്യുന്നതിനുള്ള അവസരം ലഭിക്കുന്നതാണ്. നിശ്ചിത എണ്ണം സീറ്റുകളിലേക്കല്ല പി.എച്ച്.ഡി പ്രവേശനം നടത്തുന്നത് എന്നത് കൊണ്ട് തന്നെ സംവരണ വിഭാഗങ്ങൾക്ക് നിശ്ചിത എണ്ണം സീറ്റുകൾ മാറ്റി വച്ചിട്ടില്ല. പകരം സർവ്വകലാശാലയുടെ ഗവേഷണ റെഗുലേഷനുകൾ പ്രകാരം സംവരണ വിഭാഗങ്ങൾക്ക് പി.എച്ച് .ഡി പ്രവേശനത്തിനുള്ള യോഗ്യത മാനദണ്ഡങ്ങളിൽ നിശ്ചിത ശതമാനം ഇളവ് നൽകുന്നുണ്ട്. എന്നാൽ കേരളത്തിൽ AICTE ഡോക്ടറൽ ഫെല്ലോഷിപ്പിനു വേണ്ടിയുള്ള പ്രവേശനം ഈ സർവ്വകലാശാല നേരിട്ടാണ് നടത്തുന്നത്. ഓരോ വർഷവും 10 സീറ്റുകൾ ഇതിനായി AICTE സംസ്ഥാനത്തിന് അനുവദിച്ചുതരുന്നത്. ഇതിൽ OBC-,3 SC-1, ST-1. EWS -1 സീറ്റുകൾ എന്ന ക്രമത്തിൽ സംവരണം നടപ്പിലാക്കുന്നുണ്ട്. |
| (ബി) | റിസർച്ച് ഗൈഡ് ആയി പത്തു വർഷത്തോളം പ്രവർത്തന പരിചയം ഉണ്ടായിട്ടും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഗൈഡ് ചെയ്തിട്ടില്ലാത്ത | (ബി) | റിസർച്ച് ഗൈഡ് ആയി പത്തു വർഷത്തോളം പ്രവർത്തന പരിചയം ഉണ്ടായിട്ടും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഗൈഡ് ചെയ്തിട്ടില്ലാത്ത |

| | | | |
|---|---|---|---|
| | റിസർച്ച് ഗൈഡ് മാരുടെ പേരുവിവരങ്ങൾ വിശദമാക്കാമോ? | | റിസർച്ച് ഗൈഡ് മാരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

റിസർച്ച് ഗൈഡ് ആയി പത്തു വർഷത്തോളം പ്രവർത്തന പരിചയം ഉണ്ടായിട്ടും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഗൈഡ് ചെയ്യിട്ടില്ലാത്ത റിസർച്ച് ഗൈഡ് മാരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

### ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

1. ഡോ.ബിന്ദു.ആർ, അസോസിയേറ്റ് പ്രൊഫസർ, ഇംഗ്ലിഷ്, പന്മന പ്രാദേശിക കേന്ദ്രം
2. ഡോ.പ്രീതി കെ, അസോസിയേറ്റ് പ്രൊഫസർ, മ്യൂസിക്, കാലടി മുഖ്യ കേന്ദ്രം
3. ഡോ. ഷാജി ജേക്കബ്, പ്രൊഫസർ, മലയാളം, തിരൂർ, പ്രാദേശിക കേന്ദ്രം
4. ഡോ.പി.എച്ച്.ഇബ്രാഹിംകുട്ടി, പ്രൊഫസർ, ഹിന്ദി, ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം
5. ഡോ.എബി കോശി, പ്രൊഫസർ, ഫിലോസഫി, കാലടി മുഖ്യ കേന്ദ്രം
6. ഡോ.ബാബു എം.എൻ, അസിസ്റ്റന്റ് പ്രൊഫസർ, ഫിലോസഫി, കാലടി മുഖ്യ കേന്ദ്രം
7. ഡോ.കെ.എ രവിന്ദ്രൻ, പ്രൊഫസർ, സംസ്കൃതം
8. ഡോ.പി.വി.നാരായണൻ, പ്രൊഫസർ, സാഹിത്യം
9. ഡോ.പി.രാധാകൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, സംസ്കൃത വ്യാകരണം, കാലടി മുഖ്യ കേന്ദ്രം

### കാലിക്കറ്റ് സർവ്വകലാശാല

1. Dr.Anil Kumar.V, Professor, Department of Mathematics, University of Calicut
2. Dr.P.Raveendran, Professor, Department of Chemistry,University of Calicut
3. Dr.V.T.Joy, Department of Chemistry, Christ College (Autonomous) Irinjalakkuda
4. Prof.(Dr.).C.Naseema, Senior Professor, Department of Education, University of Calicut
5. Prof.(Dr).Abdul Gafoor, K, Professor, Department of Education, University of Calicut
6. Prof.(Dr).Baiju.K Nath, Professor, Department of Education, University of Calicut
7. Dr.Sindhu.S, Professor, Department of Nanoscience and Technology, University of Calicut
8. Dr.M.P.Mujeebu Rehiman, Professor, Department of History, University of Calicut
9. Dr.P.Murugan, Associate Professor, Department of Tamil, Govt. College, Chittur.
10. Dr.K.Sivamani, Associate Professor, Department of Tamil, Govt. College, Chittur.
11. Dr.Moideenkutty.A.B, Professor, Department of Arabic, University of Calicut
12. Dr.Abdul Majeed T.A, Professor, Department of Arabic, University of Calicut

13.Dr.Abdul Majeed E, Associate Professor, Department of Arabic, University of Calicut
14.Dr.M.Manoharan, Senior Professor, Department of Statistics, University of Calicut (Retired from service on 29.05.2023)
15.Dr.K.Jayakumar, Senior Professor, Department of Statistics, University of Calicut
16.Dr.Fathima Jeem.M, Associate Professor, Department of Hindi, University of Calicut
17.Dr.Sajitha Kizhinipurtha, Professor, Department of Malayalam, Govt. Arts & Science College, Kozhikode
18.Dr.P.Priya, Department of Hindi, Govt. Arts & Science College, Kozhikode
19.Dr.Mumthaz.N.S, Professor, Farook Training College,
20.Dr.Lilly P.L, Department of Mathematics, St.Joseph's College, Irinjalakkuda.
21.Dr.N.K.Sundareswaran, Professor, Department of Sanskrit, University of Calicut.
22.Dr.B.S.Harikumaran Thampi, Professor, Department of Life Sciences, University of Calicut.
23.Dr.G.Radhakrishna Pillai, Former Assistant Professor, Department of Life Science, University of Calicut. (Dismissed from University Service w.e.f 03.12.2021)
24.Dr.A.K.Vijayarajan, Professor, KSCSTE-Kerala School of Mathematics.

<u>ന്യൂവാൽസ്</u>

ഡോ.കെ.ബാലകൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ

**സെക്ഷൻ ഓഫീസർ**